

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P10/79/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P10/79/22 തീയ്യതി: 22/06/2022

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. അമ്പിളി എം. ഡി.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	03-01-2022	12-01-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-01-2022	12-01-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.പ്രീത.എസ്.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. സിന്ധു.റ്റി അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജൂഡിറ്റ് വർഗ്ഗീസ്.എൻ, സീനി.ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പി.പുഷ്പകുമാരി	പ്രസിഡന്റ്	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അജ്മൽ .ജെ	സെക്രട്ടറി	01-04-2019	01-01-2020
ശ്രീ.ബാബു.ആർ	സെക്രട്ടറി(ചാർജ്)	02-01-2020	08-01-2020
ശ്രീ.റ്റി.ഡി.ഹരികുമാർ	സെക്രട്ടറി(ചാർജ്)	09-01-2020	23-02-2020
ശ്രീ. അജ്മൽ.ജെ	സെക്രട്ടറി	24-02-2020	31-03-2020
ശ്രീ.ഗോപകുമാർ.എസ്	അസി.സെക്രട്ടറി	01-04-2019	03-01-2020
ശ്രീ.റ്റി.ഡി.ഹരികുമാർ	അസി.സെക്രട്ടറി	09-01-2020	31-03-2020
ശ്രീ.ബിന്ദുമോൾ.കെ	കൃഷിഓഫീസർ	01-04-2019	31-03-2020
ശ്രീമതി.മിനി.എസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2019	31-03-2020
ശ്രീമതി.ശ്രീലക്ഷ്മി.എസ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2019	31-03-2020
ശ്രീമതി.ജസ്മി ജമാൽ	വെറ്റിനറിസർജൻ	01-04-2019	31-03-2020
ശ്രീമതി.നിഷ	അസി.എഞ്ചിനീയർ	01-04-2019	31-03-2020
ശ്രീ.അബ്ദുൾ സലിം എച്ച്	എച്ച്.എം	01-04-2019	29-05-2019
ശ്രീമതി.പ്രസന്നകുമാരി അമ്മ	എച്ച്.എം	30-05-2019	31-03-2020
ശ്രീമതി.ഷാജിത	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ശ്രീ.വിശാൽ രാജ് .ആർ	വി.ഇ.ഒ	01-04-2019	31-03-2020
ശ്രീ.അനൂപ്.റ്റി	വി.ഇ.ഒ	01-04-2019	31-03-2020
ശ്രീമതി. സംഗിതാ ജി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	07-08-2019
ശ്രീമതി. ജെന്നി ജെ. നെൽസൺ	ഡയറി ഫാം ഇൻസ്ട്രക്ടർ (ചാർജ്)	09-08-2019	28-12-2019
ശ്രീ. അബ്ദുൾ സലിം എം	ഡയറി ഫാം ഇൻസ്ട്രക്ടർ	29-12-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 26-05-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 26-05-2022)	1-2
3	വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	1-2-1
4	സാമ്പത്തിക വിശകലനം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 26-05-2022)	1-3
5	ഗ്രാന്റ് വിനിയോഗം Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	1-4
6	പദ്ധതി അവലോകനം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 26-05-2022)	1-5
7	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 26-05-2022)	1-6
8	ക്ഷേമപെൻഷൻ Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 26-05-2022)	1-7
9	സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു. Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	1-7.1
10	ക്യാഷ് പരിശോധന Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 26-05-2022)	1-8
11	ആഭ്യന്തര നിയന്ത്രണം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-9
12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	1-10
13	റേഷൻ കടകളിൽ നിന്ന് ലൈസൻസ്, തൊഴിൽ നികുതി ഈടാക്കിയില്ല Written By: Judith Varghese (Senior Grade Auditor, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-11
14	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	1-12
15	പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-13
16	മരുന്നുകൾ പൂർണമായും ലഭ്യമായില്ല	1-14

	Written By: Ranjith Kumar G (Audit Officer (HG), On 11-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	
17	കെട്ടിട വാടക ഉടമസ്ഥന്റെ പേരിൽ നൽകുന്നില്ല Written By: Ranjith Kumar G (Audit Officer (HG), On 12-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-15
18	മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കാലാവധി ആനുകൂല്യം നിർണ്ണയത്തിൽ പരിഗണിക്കേണ്ടതാണ് Written By: Ranjith Kumar G (Audit Officer (HG), On 11-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-16
19	ആനുകൂല്യം കൃഷി ഭൂമിക്ക് ആനുപാതികമായി നിജപ്പെടുത്തേണ്ടതാണ് Written By: Ranjith Kumar G (Audit Officer (HG), On 11-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-17
20	പൊതുമരാമത്ത് മാന്വലിൽ പരാമർശിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. Written By: S.S.Preetha (Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-18
21	വെള്ളക്കരം കുടിശ്ശിക ഭീമമായി നിലനിൽക്കുന്നു Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-19
22	ലൈഫ് ഭവന പദ്ധതി - അനർഹർക്ക് ആനുകൂല്യം നൽകി -തുക ഭാഗികമായി തിരികെ ഒടുക്കുവരുത്തി. Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	1-20
23	ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല. Written By: T.Sindhu (Asst. Audit Officer, On 12-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	1-21
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	4-5
6	സ്ഥിര നിക്ഷേപം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Judith Varghese (Senior Grade Auditor, On 09-01-2022)	4-7

	Last Updated By: Santhosh N (Computer Assistant, On 27-05-2022)	
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 27-05-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം. Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Judith Varghese (Senior Grade Auditor, On 09-01-2022) Last Updated By: Santhosh N (Computer Assistant, On 28-05-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധപത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

27/2/19 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 18-3-2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31-7-2020	10-6-2020		

1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. ബാലൻസ് ഷീറ്റ് B 14 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം 1,47,814/- രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2. ബാലൻസ് ഷീറ്റ് B-18 ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

Deposit With Kerala Water Authority - 12,06,716/-രൂപ
Electricity Deposits - 15,91,115/-രൂപ

3. ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റ് പ്രകാരമുള്ള ട്രഷറി ജോയിൻറ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയുമായി 1,04,285/-രൂപയുടെ വ്യത്യാസം കാണുന്നു. ടി തുക ഏത് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നവെന്ന് കണ്ടെത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക കണക്കുപ്രകാരം (ബാലൻസ് ഷീറ്റ്)	ട്രഷറി ജോയിൻ വെഞ്ചർ അക്കൗണ്ട് പ്രകാരം
CB - 2044201/-	1939916/-

4. ലൈഫ് സ്റ്റേറ്റ് ഷെയർ വരവ്, ചെലവ് തുകകൾ വാർഷിക കണക്കിലുൾപ്പെട്ടിട്ടുള്ളത് ലൈഫ് മിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം	ലൈഫ് മിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം	സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം
വരവ്-1,67,35,597/-രൂപ ചെലവ്-1,61,55,597/-രൂപ	വരവ്-1,65,60,000/-രൂപ ചെലവ് – 1,59,80,000/-രൂപ	ചെലവ്-1,61,55,597/-രൂപ

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	80,16,622/-രൂപ
വരവ്	9,12,40,138/-രൂപ
ആകെ	9,92,56,760/-രൂപ
ചെലവ്	8,33,69,027/-രൂപ
നീക്കിയിരിപ്പ്	1,58,87,733/-രൂപ

വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ നിരാകരിച്ച തുക	-
തടസ്സപ്പെടുത്തിയ തുക	6,70,940/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ് (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ)	കൈ ബിൽ
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	-	13076026/-	13076026/-	13067108/-	8918/-	
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	-	10127000/-	10127000/-	621376/-	3913224/-	
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	-	1396000/-	1396000/-	4460622/-	9505378/-	
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	-	4332000/-	4332000/-	3559221/-	772779/-	
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied (ACR പ്രകാരം)	-	10569606/-	10569606/-	5651487/-	4918119/-	
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)						
എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി	0	41545582/-	41545582/-	41545582/-	0	
ICDS	1857341/-	879138/-	2736479/-	890356/-	1846123/-	
ശുചിത്വമിഷൻ	682172/-	-	682172/-	425370/-	256802/-	
TSC	1164494/-	41410/-	1205904/-	379568/-	826336/-	
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്						

ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ	0	16560000/-	16560000/-	15980000/-	580000/-	
എം.ജി.എൻ.ആർ.ഇ.ജി.എസ്. ഭരണച്ചെലവ്	5436/-	1691672/-	1697108/-	1140939/-	556169/-	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
188	167687479/-	110	69671799/-	-	75	41.54%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ	5,436/-	16,91,672/-	16,97,108/-	11,40,939/-	5,56,169/-
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	4,15,45,582/-	4,15,45,582/-	4,15,45,582/-	0

1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	2,12,520/-	130
കർഷക തൊഴിലാളി പെൻഷൻ	18,46,800/-	186
വിധവാ പെൻഷൻ	83,59,200/-	1059
വാർദ്ധക്യകാല പെൻഷൻ	1,47,37,200/-	1837
വികലാംഗ പെൻഷൻ	30,46,200/-	362
50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	49,800/-	7
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	30,000/-	1

1-7.1 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ കൈപ്പറ്റുന്നു.

സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ ഗ്രാമപഞ്ചായത്ത് മുഖേന അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. അനർഹമായി കൈപ്പറ്റിയ തുക 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ നിർദ്ദേശം പാലിച്ച് സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പേര് വിവരം	പെൻഷൻ ഐ.ഡി	പെൻഷൻ കൈപ്പറ്റിയ കാലയളവ്	കൈപ്പറ്റിയ തുക (₹)
1	കുഞ്ഞമ്മ തോമസ് (വാർദ്ധക്യകാല പെൻഷൻ)	103390201532	2/2016 മുതൽ 4/2020 വരെ	54,500/-

വ്യക്തിക്ക് തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും തുക തിരികെ ഒടുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മറ്റ് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ച് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 15/12.1.22

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4/1/22 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,095/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റുകൾ യഥാസമയം ആധികാരികമാക്കുകയും സാംഖ്യ വൌച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനുതകുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ട് രേഖകളിൽ E-ടെണ്ടർ ഒഴികെയുള്ള കരാറുകളിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. അംഗീകരിച്ച പ്രോജക്ട് രേഖകളിൽ ആസ്തി രജിസ്റ്ററിലെ സവിശേഷ തിരിച്ചറിയൽ നമ്പർ ചേർക്കുന്നില്ല. നിർവ്വഹണത്തിലെ വീഴ്ചകൾ

പരിഹരിക്കപ്പെടേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അവർ അപേക്ഷ നൽകാതെ തന്നെ കാലാവധി നീട്ടിക്കൊടുക്കുന്നു. ഫൈൻ ഈടാക്കുന്നതിൽ കൃത്യമായ മാനദണ്ഡം പാലിക്കുന്നില്ല.

മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. വാട്ടർ ചാർജിനത്തിൽ ഒരു കോടി മുപ്പത് ലക്ഷം രൂപയുടെ കുടിശികയുണ്ട്. എന്നാൽ ഇതിന്റെ കൃത്യത ഉറപ്പാക്കാൻ ഉള്ള സംയുക്ത പരിശോധനകൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന നടത്തുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10/12/21	2020-21	15/12/21
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23/2/2017	2011-12 മുതൽ 2015-16 വരെ	29/4/17

1-11 റേഷൻ കടകളിൽ നിന്ന് ലൈസൻസ്, തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 വർഷം ശൂരനാട് ഗ്രാമപ്പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ നൽകിയ എൻക്വയറിക്ക് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഈടാക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ 29/1/96ലെ ഉത്തരവ് പ്രകാരം നിയമപരമായ തടസ്സമുണ്ടെന്നും മേൽവിഷയം കമ്മിറ്റിയുടെ പരിഗണനക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. മേൽവിഷയത്തിൻ മേൽ തുടർനടപടികൾ സ്വീകരിച്ച് ലൈസൻസ് ഈടാക്കേണ്ടതാണ്.

1-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി, നം.	അടങ്കൽ തുക (₹)	ചെലവ് തുക (₹)	ബിൽ നം./തീയതി	റിമാർക്സ്
1.	സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ (11/20)	2,00,000/-(വികസന ഫണ്ട്)	2,00,000/-	22/6.9.19	സുരക്ഷാ മിഷനിൽ ഒടുക്കി
2.	ഇലക്ട്രിക് പോസ്റ്റ്	2,19,120/-	1,06,804/-	8/11.7.19 (₹17844/-)	KSEB ശൂരനാട്

	മാറ്റി സ്ഥാപിക്കൽ (16/20)	(CFC ഫണ്ട്)		17/31.8.19 (₹5822/-) 30/17.10.19 (₹40530/-) 46/26.2.20 (₹21920/-) 57/4.3.20 (₹20688/-)	സൗത്തിൽ ഒടുക്ക വരുത്തി.
3.	പെരുങ്ങാടി അഴകത്ത് ക്ഷേത്രത്തിന് സമീപം സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (163/20)	1,15,000/- (CFC ഫണ്ട്)	1,14,136/-	50/26.2.20	KSEB ശൂരനാട് സൗത്തിൽ ഒടുക്ക വരുത്തി.
4.	ജീവനം ഡയാലിസിസ് (55/21)	(തനത് ഫണ്ട്)	50,000/-	ചെക്ക് നം. 2178348/21.8.19	കൊല്ലം ജില്ലാ പഞ്ചായത്തിൽ ഒടുക്ക വരുത്തി.
		ആകെ	4,70,940/-		

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 10/12.01.2022.

തടസ്സപ്പെടുത്തിയ തുക - 4,70,940/- രൂപ.

1-13 പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി പ്രോജക്ട് നം. 112/20 പ്രകാരം സി.എഫ്.സി. ഫണ്ടിൽ നിന്ന് ബിൽ നം. 5/19.6.2019 പ്രകാരം 2,00,000/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും പദ്ധതി പൂർത്തിയായില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദമായ എസ്റ്റിമേറ്റ്, ബിൽ എന്നിവ സഹിതം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 11/12.1.2022.

തടസ്സപ്പെടുത്തിയ തുക - 2,00,000/- രൂപ.

1-14 മരുന്നുകൾ പൂർണമായും ലഭ്യമായില്ല

പ്രോജക്ട് നം 33/20.

സാന്ത്വന പരിചരണം ചികിത്സാ പദ്ധതി.

വികസന ഫണ്ട് - 6,63,961/-രൂപ.

മെയിന്റനൻസ് ഗ്രാന്റ് - 1,36,039/-രൂപ.

ആകെ- 8,00,000/-രൂപ.

ടി പ്രോജക്ട് പ്രകാരം സാന്ത്വന പരിചരണത്തിനായി മരുന്നുകൾ ലഭ്യമാക്കുവാൻ 3,00,000/- രൂപ ബിൽ നം. 9/04-11-20 പ്രകാരം കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനു നൽകിയതിൽ ഇൻഡന്റ് പ്രകാരമുള്ള 2,14,115/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന 85,885/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-15 കെട്ടിട വാടക ഉടമസ്ഥന്റെ പേരിൽ നൽകുന്നില്ല

പ്രോജക്ട് നം. 190/20.
അംഗൻവാടി കെട്ടിടങ്ങൾക്ക് അധിക വാടക.
മെയിന്റനൻസ് ഗ്രാന്റ് - 1,71,380/-രൂപ.
ചെലവ്- 1,36,092/-രൂപ, ബിൽ നം. 2/30-09-19.
പഞ്ചായത്തിലെ അംഗനവാടികളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 12 കെട്ടിടങ്ങളുടെ വാടക തുക 1,36,092/-രൂപ ആതാതു അംഗനവാടികളുടെ വർക്കർമാരുടെ പേരിൽ നല്കുകയും, അവർ ഈ തുക കെട്ടിടം ഉടമക്ക് നൽകിയതായുള്ള കൈപ്പറ്റ് രസീതു ഹാജരാക്കുകയും ചെയ്തു. കെട്ടിട വാടക വർക്കർമാരുടെ അക്കൗണ്ടിൽ നല്കാതെ കെട്ടിട ഉടമയുടെ പേരിൽ നല്കേണ്ടതാണ്.

1-16 മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കാലാവധി ആനുകൂല്യം നിർണ്ണയത്തിൽ പരിഗണിക്കേണ്ടതാണ്

പ്രോജക്ട് നം. 7/20.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്.

വികസന ഫണ്ട് - 4,00,000/-രൂപ.

ബ്ലോക്ക് വിഹിതം - 2,00,000/-രൂപ.

ജില്ലാ വിഹിതം 2,00,000/-രൂപ.

ആകെ 8,00,000/-രൂപ.

ടി പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ നൗഫൽ എന്ന വിദ്യാർത്ഥിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റിൽ (3108/14 -16.7.14) വൈകല്യം താത്കാലികമെന്നും 1 വർഷത്തിനു ശേഷം റീ അസസ്സ്മെന്റ് ചെയ്യണമെന്നും രേഖപ്പെടുത്തിയിരുന്നു. എന്നാൽ 2014 ലെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് 6-ാം ക്ലാസിൽ പഠിക്കുന്ന ടി വിദ്യാർത്ഥിക്കു ഫിസിക്കലി ചലഞ്ചഡ് വിഭാഗത്തിനുള്ള ആനുകൂല്യമായ 6000/-രൂപ നല്കിയിരിക്കുന്നത്. നിലവിലെ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകേണ്ടതുമാണ്.

1-17 ആനുകൂല്യം കൃഷി ഭൂമിക്ക് ആനുപാതികമായി നിജപ്പെടുത്തേണ്ടതാണ്

S0050/20 വെറ്റില കൃഷി.

അടങ്കൽ വികസന ഫണ്ട് - 1,00,000/-രൂപ.

ഗുണ. വിഹിതം നേരിട്ട് 26,680/-രൂപ.

ആകെ 1,26,680/-രൂപ.

ഒരു യൂണിറ്റ് വെറ്റിലക്കൃഷി ചെയ്യുന്നതിന് പരമാവധി 2500 സബ്സിഡി നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. കൃഷി ഡിപ്പാർട്ട്മെന്റിന്റെ കണക്കുകൾ പ്രകാരം ഒരു സെന്റിൽ 80 മുതൽ 100 വെറ്റില തൈകൾ വരെ നടാം. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ കർഷകർ

ഈ നിരക്കിൽ വെറ്റില തൈകൾ വാങ്ങിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നാരായണൻ, വാർഡ് 1 V, വാങ്ങിയ തൈകൾ - 450 നൽകിയ തുക 5000/- (2 യൂണിറ്റ്)

അരവിന്ദാക്ഷൻ, വാർഡ് | V, വാങ്ങിയ തൈകൾ - 200 നൽകിയ തുക 5000/- (2 യൂണിറ്റ്)

രവിന്ദ്രൻ, വാർഡ് VI, വാങ്ങിയ തൈകൾ – 100 (1 യൂണിറ്റ്)

ഇതു സംബന്ധിച്ചു നൽകി ആഡിറ്റ് എൻക്വയറി നം. 2/4-1-22 ന് സ്വന്തമായി വെറ്റില തലപ്പ് ഉണ്ടായിരുന്ന കർഷകർ കുറവുള്ള തലപ്പുകൾ മാത്രം വാങ്ങിയുള്ളുവെന്നും, കൃഷിയിടം പരിശോധിച്ചു വിസ്തീർണ്ണം കണക്കാക്കിയാണ് ആനുകൂല്യം നൽകിയതും എന്ന മറുപടിയാണ് നൽകിയത്. ഇത് സാധൂകരിക്കുന്ന രേഖകൾ ബന്ധപ്പെട്ട ഫയലുകളിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 പൊതുമരാമത്ത് മാന്വലിൽ പരാമർശിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

2019-20 സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഏതാനും പ്രവൃത്തികളിൽ കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കും പ്രകാരമുള്ള ഫൈൻ ഈടാക്കുകയോ സമയബന്ധിതമായി നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ലായെന്ന് കണ്ടെത്തി.

(1) കാരയ്ക്കാട്ട്-കാരയ്ക്കാട്ട് കിഴക്ക് റോഡ് സൈഡ് വാൾ.

2017-18 സാമ്പത്തിക വർഷം സാങ്കേതികാനുമതി ലഭിച്ച് 16.01.2018 ൽ കരാർ ഉടമ്പടി വച്ച പദ്ധതി പൂർത്തീകരണ കാലാവധിയായ 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനായ കെ. എസ്. നാസർ ന് 26.04.2018 ൽ അസി. എൻജിനീയർ കത്ത് നൽകി. കരാറുകാരന്റെ അപേക്ഷയില്ലാതെ കരാറുകാരന് 3% പിഴയോടെ സപ്ലിമെന്ററി കരാർ വച്ച് കാലാവധി നീട്ടി നൽകി (12എ/എ.ഇ./കെ.എസ്.എ.ഡി./എസ്.എസ്.പി/18-19 തീയതി. 16.10.2018). വീണ്ടും 26.08.2018 ൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യം ഉണ്ടായതിനാൽ പൊതുമരാമത്ത് മാന്വൽ 2012 പാരാ 2116 (2) പ്രകാരമുള്ള നടപടി സ്വീകരിക്കുമെന്നറിയിച്ച് അസി.എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. എം.ബുക്ക് പരിശോധിച്ചതിൽ 25.02.2019 പ്രവൃത്തി ആരംഭിച്ച് 23.03.2019 ൽ പ്രവൃത്തി അവസാനിച്ചിട്ടുണ്ട്. കരാറുകാരന്റേതായ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ താമസം വന്ന ഓരോ ആഴ്ചയും എഗ്രീഡ് പി.എ.സി. യുടെ 0.1% ഫൈൻ ഈടാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 3% ഫൈൻ മാത്രമാണ് ഈടാക്കിയത്. ഇത് സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി പാറ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്, മാർക്കറ്റ് വിലയുമായുള്ള വ്യത്യാസം എന്നിവ കാരണം കരാറുകാർ പാറപ്പണി ഏറ്റെടുക്കുന്നതിൽ വിമുഖത കാണിച്ചുവെന്നതാണ്. മറുപടി അംഗീകരിക്കാൻ കഴിയില്ല. പൊതുമരാമത്ത് മാന്വൽ അനുശാസിക്കും പ്രകാരമുള്ള രീതിയിൽ ഫൈൻ ഈടാക്കാനും നടപടിക്രമങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

(2) പള്ളിമുക്ക്-മഠത്തിലയ്യത്ത് മുക്ക് റോഡ് സൈഡ് വാൾ നിർമ്മാണം (എസ്.ഒ. 134/2019-20)

2017-18 സാമ്പത്തിക വർഷം സാങ്കേതികാനുമതി ലഭിച്ച് 05.02.2018 ൽ കരാർ വച്ച പ്രവൃത്തിക്ക് 5.2.2018 ൽ തന്നെ സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. 20.10.2018 തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം അന്വേഷിച്ച് കരാറുകാരൻ ശ്രീ. ഡാനിക്കുട്ടിക്ക് അസി.എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. 13.11.2018 ലെ മുദ്രപത്രത്തിൽ 21എ/എ.ഇ./എൽ.എസ്.ജി.ഡി./എസ്.എസ്.പി/18-19 തീയതി. 4.03.2018 വച്ച് സപ്ലിമെന്ററി കരാർ വച്ചിട്ടുണ്ട്. കരാർ ഉടമ്പടി മുൻ തീയതി വച്ച് എഴുതി ചേർത്തുവെന്നത് ഇതിൽ നിന്നും വ്യക്തമാണ്. 07.02.2019

ൽ വീണ്ടും പ്രവൃത്തി പൂർത്തീകരണം നടക്കാത്തത് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. 11.02.2019 ൽ സൈറ്റ് ഇഷ്യൂ (ഭൂമി വിട്ടു നല്കുന്നത് സംബന്ധിച്ച് സമ്മതപത്രം ലഭ്യമായി) പരിഹരിച്ചതായി ഫയലിൽ കാണുന്നു. 19.02.2019 ൽ വെള്ളപ്പൊക്കം, ക്വാറി സമരം എന്നിവ കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തത് സംബന്ധിച്ച് കരാറുകാരന്റെ അപേക്ഷ ഫയലിൽ കാണുന്നു. എം.ബുക്കിലും, അസി.എഞ്ചിനീയർ ഒപ്പ് വച്ച പൂർത്തീകരണ സാക്ഷ്യപത്രത്തിലും 03.09.2019 ൽ പ്രവൃത്തി ആരംഭിച്ച് 19.10.2019 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ ബിൽ ഭാഗത്ത് 05.2.2018 ൽ ആരംഭിച്ച് 19.10.2019 ൽ പ്രവൃത്തി പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടിൽ മാർച്ച് 2019 ൽ പ്രവൃത്തി ആരംഭിച്ച് നവംബർ 2019 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. മോണിറ്ററിംഗ് സമിതിയുടെ കൃത്യമായ പരിശോധന നടക്കുന്നില്ലായെന്ന് ഇത്തരം ഫയൽ വർക്കുകൾ സൂചിപ്പിക്കുന്നു. കരാറുകാരന്റേതായ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ താമസം വന്ന ഓരോ ആഴ്ചയ്ക്കും എഗ്രീഡ് പി.എ.സി. യുടെ 0.1% ഫൈൻ ഈടാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 2% ഫൈൻ മാത്രമാണ് ഈടാക്കിയത്. ടി വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരന്റേത് അല്ലാത്ത കാലതാമസം കാണിച്ച് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. കരാർ കാലാവധി കഴിയും മുൻപ് തന്നെ സൈറ്റ് ഇഷ്യൂ സംബന്ധിച്ച് കരാറുകാരൻ രേഖാമൂലം കത്ത് നൽകേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഫയൽ വർക്കുകളിലെ ഇത്തരം വിഷയങ്ങൾ സൂചിപ്പിക്കുന്നത് പ്രവൃത്തികളിൽ നിയമപരമായ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ലായെന്നതാണ്. പൊതുമരാമത്ത് മാന്വലിൽ പരാമർശിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 1/03.01.2021 .

ഓഡിറ്റ് എൻക്വയറി നമ്പർ 5/06.01.2021 .

1-19 വെള്ളക്കരം കുടിശ്ശിക ഭീമമായി നിലനിൽക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് വെള്ളക്കരം കുടിശ്ശികയിനത്തിൽ 1,31,01,312/-രൂപയും ഫൈൻ ഇനത്തിൽ 2,56,987/-രൂപയും ഒടുക്കുവാനുള്ളതായി കാണുന്നു. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 388 വാട്ടർ ടാപ്പുകളാണ് നിലവിലുള്ളത്. എല്ലാ മാസവും വാട്ടർചാർജ്ജിനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്ന 1,69,750/-രൂപ ഒടുക്കു വരുത്തുന്നുണ്ടെങ്കിലും കുടിശ്ശിക ഭീമമായി നിലനിൽക്കുന്ന അവസ്ഥയാണുള്ളത്. ഫൈൻ ആയി 2% തുക മാസം തോറും ഉൾപ്പെടുത്തുകയും ചെയ്യുന്നു. 2019-20 വർഷം 16,97,500/-രൂപ പദ്ധതി നം. 2/20 പ്രകാരം CFC ഫണ്ടിൽ നിന്നും (ബിൽ നം.27/30.9.19), Source Deduction പ്രകാരം 2,23,374/- രൂപ (ജി.ഒ പ്രോജക്ട് നം.197/20) വികസന ഫണ്ടിൽ നിന്നും വെള്ളക്കരം ഒടുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ വർഷങ്ങളായി ഗാർഹിക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഗാർഹിക കണക്ഷനും നൽകി വരുന്നു. ആയതിനാൽ വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ബാധ്യത ഒഴിവാക്കാൻ സ്വീകരിച്ച നടപടികളും, കൂടാതെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിലെ തുകകൾ ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുക കിഴിച്ചും ടാപ്പുകളുടെ എണ്ണം കണക്കാക്കിയുള്ളതാണെന്നും ഉറപ്പുവരുത്തിയിട്ടുള്ളതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ബാധ്യത ഒഴിവാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിച്ച്

വിവരം അറിയിക്കേണ്ടതാണ്.

1-20 ലൈഫ് ഭവന പദ്ധതി - അനർഹയ്ക്ക് ആനുകൂല്യം നൽകി -തുക ഭാഗികമായി തിരികെ ഒടുക്കുവരുത്തി.

സുജാത, സിതാര ഹൗസ്, ഇരവിച്ചിറ കിഴക്ക്, ശൂരനാട് വാർഡ് നം.3 എന്ന വ്യക്തിക്ക് 25 സെന്റിൽ കൂടുതൽ വസ്തുവുള്ളതായി പരാതി ലഭിച്ചതിനെത്തുടർന്ന് ലൈഫ് ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയ 3 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ തിരികെ ഒടുക്കുവരുത്തിയതായി കാണുന്നു. തുക കൈപ്പറ്റിയതിന്റേയും തിരികെ ഒടുക്കുവരുത്തിയതിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൈപ്പറ്റിയ തുക

1) ₹40,000/- 1/31.7.18

2) ₹1,60,000/- 23/2.3.20

3) ₹1,00,000/- 3/17.6.20

തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ

1) ₹1,00,000/- 120010100872/21.8.20

2) ₹1,00,000/- 1210102083/14.12.21

അർഹതയില്ലാതിരുന്നിട്ടും മേൽ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുവാനുണ്ടായ സാഹചര്യവും ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്ന ഒരു ലക്ഷം രൂപ തിരികെ ഈടാക്കാൻ നിലവിൽ സ്വീകരിച്ച നടപടിയും വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലൈഫ് പദ്ധതി പ്രകാരം എഗ്രിമെന്റ് വയ്ക്കുന്നതിന് മുൻപ് അന്വേഷണം നടത്തിയിട്ടുള്ളതാണെന്നും ലൈഫ് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്ക് വീടനുവദിച്ചിട്ടുള്ളതാണെന്നും കുടുംബ ഓഹരിയായി കിട്ടിയ വസ്തു ഭർത്താവിന്റെ വൃക്കമാറ്റി വയ്ക്കൽ ചികിത്സയ്ക്കായി സഹോദരന് കൈമാറിയെങ്കിലും ടി വസ്തു ഇപ്പോഴും സുജാതയുടെ പേർക്ക് തന്നെയാണ് രേഖകൾ പ്രകാരം ഉൾപ്പെട്ടിട്ടുള്ളതെന്നും ആയതിനാലാണ് ടിയാളിൽ നിന്ന് കൈപ്പറ്റിയ തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതും 2 ലക്ഷം രൂപ തിരികെ ഈടാക്കിയിട്ടുള്ളതെന്നും ബാക്കി തുകയായ 1 ലക്ഷം രൂപ നാളിതുവരെയുള്ള പിഴപ്പലിശ സഹിതം തിരികെ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഒടുക്കുവരുത്തിയ തുക സഞ്ചിത നിധിയിലേക്ക് ഒടുക്കുവരുത്തേണ്ടതും ഒടുക്കുവരുത്തുവാനുള്ള 1 ലക്ഷം രൂപ നാളിതു വരെയുള്ള പിഴപ്പലിശ സഹിതം തിരികെ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.-12/11.1.22.

1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ അഞ്ച് പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

ക്രമനം	പേര് (ശ്രീ /ശ്രീമതി)	ആദ്യഗഡു അനുവദിച്ച തീയതി	അനുവദിച്ച തുക (₹)
1	സുലജ, കപിലവസ്തു, തൃക്കുന്നപ്പുഴ തെക്ക്	4.9.18	40,000/-
2	സുനിത, വെങ്ങോല, തൃക്കുന്നപ്പുഴ തെക്ക്	29.3.19	40,000/-
3	ശശികുമാർ, വെങ്ങോല ഇടപ്പുര, തൃക്കുന്നപ്പുഴ തെക്ക്	29.2.20	40,000/-
4	ശ്രീലത, തേജസ്ഭവനം, കിടങ്ങയം, പതാരം	29.2.20	40,000/-
5	അനുപ്, അനുപ് ഭവനം, കിടങ്ങയം, പതാരം	29.2.20	40,000/-

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തപക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2019-20	11/1/22	കെ.എസ്.എ.കെ.എൽ.എം.പി-10/79/22 തീയതി 23/05/2022

4-2 സംയുക്ത പ്രൊജക്ട്കൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രൊജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ബ്ലോക്ക് പഞ്ചായത്ത്	2019-20	121514/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	121514/-	0
ബ്ലോക്ക് പഞ്ചായത്ത്	2019-20	200000/-	ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	200000/-	0
ബ്ലോക്ക്	2019-20	274737/-	അംഗൻവാടി കെട്ടിട	274737/-	0

പഞ്ചായത്ത്			നിർമ്മാണം വാർഡ് നം.-10		
ജില്ലാ പഞ്ചായത്ത്	2019-20	50000/-	കേരഗ്രാമം പദ്ധതി	50000/-	0
ജില്ലാ പഞ്ചായത്ത്	2019-20	119000/-	അന്നപൂരക പോഷകാഹാര പദ്ധതി/-	119000/-	0
ജില്ലാ പഞ്ചായത്ത്	2019-20	200000/-	ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	200000/-	0
ജില്ലാ പഞ്ചായത്ത്	2019-20	9720000/-	ലൈഫ് ഭവന പദ്ധതി (ജനറൽ)	9720000/-	0
ജില്ലാ പഞ്ചായത്ത്	2019-20	2510000/-	ലൈഫ് ഭവന പദ്ധതി (എസ്.സി.)	2510000/-	0
ജില്ലാ പഞ്ചായത്ത്	2019-20	12382/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	12382/-	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽനം/ ചെക്ക് നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
KWA	Pipe Line Extension	41900197/ 01.06.2019	2,00,000/-	2,00,000/-	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 32,84,000/രൂപ വരവുണ്ട്. മുൻബാക്കി 0/-രൂപയടക്കം 32,84,000/- രൂപയിൽ 30,84,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	തൻവർഷ വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ.(സാധാ) 5105/19 തീയതി 1/8/19	32,84,000/-	3,32,76,000/-	24,85,295/-		3,40,74,705/-

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	9,92,56,760/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,33,69,027/-
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	6,70,940/-

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12	4,70,940/-	ശ്രീ. അജ്മൽ. ജെ, സെക്രട്ടറി
1-13	2,00,000/-	ശ്രീ. അജ്മൽ. ജെ, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. അജ്മൽ. ജെ സെക്രട്ടറി	സെക്രട്ടറി, ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത്	ഐക്കര പുത്തൻവീട്, പടസൗത്ത്, കരുനാഗപ്പള്ളി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.കൃ.പി8/1396(3)/14 തീ.24.6.14
1999-00	എൽ.എഫ്.കൃ.പി8/1396(5)/14തീ.24.6.14
2001-02	എൽ.എഫ്.കൃ.പി8/1396(7)/14തീ.24.6.14
2002-03	എൽ.എഫ്.കൃ.പി8/1396(8)/14തീ.24.6.14
2003-04	എൽ.എഫ്.കൃ.പി8/1396(9)/14തീ.24.6.14
2004-05	എൽ.എഫ്.കൃ.പി8/1396(10)/14തീ.24.6.14
2005-06	എൽ.എഫ്.കൃ.പി8/1396(11)/14തീ.24.6.14
2006-07	എൽ.എഫ്.കൃ.പി8/1396(12)/14തീ.24.6.14
2007-08	എൽ.എഫ്.കൃ.പി8/1396(13)/14തീ.24.6.14
2008-09	എൽ.എഫ്.കൃ.പി8/1396(14)/14തീ.24.6.14
2009-10	എൽ.എഫ്.കൃ.പി8/1396(15)/14തീ.24.6.14
2010-11	എൽ.എഫ്.കൃ.പി8/1396(16)/14തീ.24.6.14
2011-12	എൽ.എഫ്.കൃ.പി8 /978/14 തീ 10.07.14
2012-13 & 2013-14	കെ.എസ്.എ. – കെ.എൽ.എം.പി7 /820/15 തീ 19.10.15
2014-15	കെ.എസ്.എ. – കെ.എൽ.എം.പി7 /1150/16 തീ 23.07.16
2015-16	കെ.എസ്.എ. കെ.എൽ.എം.പി.7–1898 / 16 തീയതി, 4/2/17
2016-17	കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017
2017-18	കെ.എസ്.എ. കെ.എൽ.എം.പി. 10/206/19 തീയതി,26/03/19
2018-19	കെ.എസ്.എ. കെ.എൽ.എം.പി. 10/479/2020 തീയതി, 10/06/20

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഒാഡിറ്റ് കാര്യാലയം, കൊല്ലം